പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 161

16.02.2016 ൽ
മറുപടിയ്ക്ക്

## ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വർക്കല കഹാർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യ-ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകമാകുന്ന തരത്തിൽ, ദേശീയ തലത്തിൽ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ അടിസ്ഥാന സൗകര്യവികസനം ഒരുക്കുകയും, ആദ്യഘട്ടത്തിൽ രാജ്യവ്യാപകമായി 14,000 പോലീസ് സ്റ്റേഷനുകളും, 6000 അനുബന്ധ പോലീസ് ഓഫീസുകളും, അടുത്തഘട്ടത്തിൽ മറ്റ് ഇതര വകുപ്പുകളായ ജയിൽ, ട്രാൻസ്പോർട്ട്, എമിഗ്രേഷൻ, പാസ്പോർട്ട്, സെൻട്രൽ പോലീസ് ഏജൻസീസ് തുടങ്ങിയവയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള ന്യൂഡൽഹിയിലെ നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ് CCTNS പദ്ധതി നിർവ്വഹണത്തിനുള്ള ദേശീയ നോഡൽ ഏജൻസി. കേരളത്തിൽ ഈ പദ്ധതിയുടെ നോഡൽ ഏജൻസി സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ് (SCRB) . CCTNS പദ്ധതി നടപ്പാക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ചീഫ് സെക്രട്ടറി തലവനായുള്ള സ്റ്റേറ്റ് അപെക്സ് കമ്മിറ്റി, സ്റ്റേറ്റ് പോലീസ് ചീഫ് തലവനായുള്ള സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി, എ.ഡി.ജി.പി. എസ്.സി.ആർ.ബി. തലവനായുള്ള സ്റ്റേറ്റ് മിഷൻ ടീം, ജില്ലാ പോലീസ് മേധാവി തലവനായുള്ള ഡിസ്ട്രിക്ട് മിഷൻ ടീം എന്നിവ രൂപീകരിച്ചിട്ടുണ്ട്. |

ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റംസ് (CCTNS) കേരളത്തിൽ നടപ്പിലാക്കുന്നതിനായി System Integrator (SI), ആയി TCS Ltd. (Tata Consultancy Services Ltd.) നെയും പദ്ധതിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും, നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും, പോരായ്മകൾ പരിഹരിക്കുന്നതിനുമായി Accenture Service Private Ltd. നെ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായും ചുമതലപ്പെടുത്തിയിരുന്നു.

സെക്ഷൻ ഓഫീസർ